## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1970 22.01.2014 ൽ മറുപടിയ്ക്ക്

**പറമ്പിക്കുളം - ആളിയാർ കരാർ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീ.ഉമ്മൻ ചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) പറമ്പിക്കുളം - ആളിയാർ കരാറനുസരിച്ച് തമിഴ്നാട്ടിൽ നിന്നും ലഭിയ്ക്കേണ്ട ജലം 2012 -2013 വർഷത്തിൽ കേരളത്തിന് ലഭിച്ചിട്ടുണ്ടോ; ഇതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) പറമ്പിക്കുളം - ആളിയാർ കരാറനുസരിച്ച് 2012-2013 ജലവർഷത്തിൽ കേരള സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭിച്ചിട്ടില്ല. പി.എ.പി കരാറനുസരിച്ച് കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം നൽകണമെന്നും കരാറിലെ വ്യവസ്ഥകൾ പാലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുതലത്തിലും സർക്കാർ തലത്തിലും തമിഴ്നാട് സർക്കാരുമായി നിരവധി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. കേരള സർക്കാരിന്റെ ശക്തമായ നിലപാടുകളുടെയും ഇടപെടലുകളുടേയും അടിസ്ഥാനത്തിൽ; 26.12.2012 ൽ പൊള്ളാച്ചിയിൽ വെച്ച് സംയുക്ത ജലക്രമീകരണ ബോർഡിന്റെ അടിയന്തരയോഗം വിളിച്ചുചേർക്കുകയും പ്രസ്തുതയോഗത്തിൽ 16.12.2012 മുതൽ 26.12.2012 വരെ കേരളത്തിന് ലഭിച്ച 253 എം.സി.എഫ്റ്റി ജലത്തിനുപുറമേ 27.12.2012 മുതൽ 31.01.2013 വരെയുള്ള കാലയളവിലേക്ക് 1200 എം.സി.എഫ്റ്റി ജലം കൂടി നൽകാമെന്ന് തമിഴ്നാട് സമ്മതിക്കുകയുമുണ്ടായി. 2012-2013 ജലവർഷത്തിൽ കേരളത്തിന് പി.എ.പി കരാർ പ്രകാരം ലഭിയ്ക്കേണ്ടുന്ന ബാക്കി ജലം മണക്കടവ് വിയറിലും കേരള ഷോളയാറിലും ലഭ്യമാക്കേണ്ടതിനെപ്പറ്റിയും ചിറ്റൂർപ്പുഴ പ്രദേശത്തേയും ചാലക്കുടിപ്പുഴ പ്രദേശത്തേയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും 28.04.2013 ന് |

തിരുവനന്തപുരത്ത് ചേർന്ന ഇരു സംസ്ഥാനങ്ങളുടെയും മന്ത്രിതല യോഗത്തിൽ വിശദമായി ചർച്ചചെയ്യുകയുണ്ടായി.

പ്രസ്തുതചർച്ചയുടെ അടിസ്ഥാനത്തിൽ ചിറ്റൂർപ്പുഴ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്കായി കാലവർഷം ശക്തി പ്രാപിക്കുന്നതുവരെ മണക്കടവ് വിയറിൽ 100 ക്യൂസക്സ് എന്ന തോതിൽ ജലം ലഭ്യമാക്കാൻ തമിഴ്നാട് തയ്യാറായി. എന്നാൽ പറമ്പികുളത്ത് ലഭ്യമായ ജലം ചാലക്കുടിപ്പുഴ പ്രദേശത്തേക്ക് തുറന്നു വിടണമെന്ന കേരളത്തിന്റെ ആവശ്യം തമിഴ്നാട് നിരാകരിച്ചെങ്കിലും; കേരളത്തിന്റെ ശക്തമായ ഇടപെടൽമൂലം ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ 06.05.2013ലെ പ്രത്യേക യോഗത്തിൽ, 08.05.2013 മുതൽ തമിഴ്നാട് ഷോളയാറിൽനിന്നും കേരള ഷോളയാറിലേയ്ക്ക് പവർഹൗസ് 2 വഴി ജലം ലഭ്യമാക്കാമെന്ന് തമിഴ്നാട് സമ്മതിക്കുകയും 14.05.2013 വരെ ജലം നൽകുകയുമുണ്ടായി. ചില സാങ്കേതികകാരണങ്ങളാൽ 14.05,2013 ൽ പവർഹൗസ് 2ന്റെ പ്രവർത്തനം നിർത്തിയതിനാൽ, 17.05.2013 മുതൽ പ്രസ്തുത പവർഹൗസിന്റെ ബൈപ്പാസ് തുറന്ന് കേരളത്തിന് ജലം നൽകുന്നതിനുള്ള നടപടിയും തമിഴ്നാട് സ്വീകരിച്ചിരുന്നു. തമിഴ്നാടിന്റെ പി.എ.പി കരാർ വ്യവസ്ഥാലംഘനങ്ങൾ സംബന്ധിച്ച് ചർച്ചചെയ്യുന്നതിനായി 30.01.2013ൽ ചേർന്ന സർവ്വകക്ഷിയോഗത്തിലെ ധാരണ പ്രകാരം; പരാമർശവിഷയത്തിന്റെ സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ ബന്ധപ്പെട്ട വിദഗ്ദ്ധരുമായി കൂടിയാലോചിച്ചശേഷം 16.04.2013 ന് തമിഴ്നാടിന്റെ കരാർ ലംഘനങ്ങൾക്കെതിരായി ബഹു.സുപ്രീംകോടതിയിൽ ഒരു അസ്സൽ അന്യായവും (OS No:2/2013 ) ഒരു ഇടക്കാല ഹർജിയും (IA No:01/2013) ഫയൽ ചെയ്തിട്ടുണ്ട്.

(ബി) പി.എ.പി കരാറുമായി ബന്ധപ്പെട്ട ഏതെല്ലാം വ്യവസ്ഥകളാണ് തമിഴ്നാട് സർക്കാർ ലംഘിച്ചിട്ടുള്ളത്; ഇതിനെതിരായ നിയമനടപടികളുടെ സ്ഥിതി എന്താണ് ;

(ബി) 2012-2013 ജലവർഷത്തിൽ, ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ ജലസേചനത്തിനായി മണക്കടവ് വിയറിൽ ലഭിക്കേണ്ട 7,250 എം.സി.എഫ്റ്റി ജലത്തിന്റെ സ്ഥാനത്ത് 5,574 എം.സി.എഫ്റ്റി ജലം മാത്രമേ കേരളത്തിന് ലഭിച്ചിട്ടുള്ളൂ. അതുപോലെ കേരള ഷോളയാറിൽ ലഭിക്കേണ്ട 12,300 എം.സി.എഫ്റ്റി ജലത്തിൽ 10,662.57 എം.സി.എഫ്റ്റി മാത്രമാണ് കിട്ടിയത്. ഇതിനു പുറമേ കേരള ഷോളയാർ റിസർവോയറിൽ സെപ്റ്റംബർ 1 നും, ഫെബ്രുവരി 1 നും ഫുൾ റിസർവോയർ ലെവൽ (എഫ്.ആർ.എൽ) ആയ 2663 അടിയിൽ നിലനിർത്തണം എന്ന വ്യവസ്ഥയും, സെപ്റ്റംബർ 2 മുതൽ ജനുവരി 31 വരെ 2658 അടിയിൽ നിലനിർത്തണം എന്ന വ്യവസ്ഥയും 2012-2013 വർഷത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

തമിഴ്നാടിന്റെ, പി.എ.പി കരാർ വ്യവസ്ഥാ-ലംഘനങ്ങൾക്കെതിരെ സംസ്ഥാന സർക്കാർ ബഹു.സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരുന്ന ഹർജികൾ; 13.01.2014ലെ ഹിയറിംഗിനായി ബഹു.സുപ്രീംകോടതി പരിഗണിച്ചുവെങ്കിലും, തമിഴ്നാട് എതിർ സത്യവാങ്മൂലം സമർപ്പിക്കാത്തതിനാൽ തുടർ നടപടികൾ നീട്ടിവച്ചിരിക്കുകയാണ്.

| | |
|---|---|
| (സി) പി.എ.പി കരാർ പുനരവലോകനം നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5(സി) അനുസരിച്ച് ഉഭയകക്ഷി സമ്മത പ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാനുള്ള കാലാവധി 1988 നവംബർ 9 ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988 ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിതീകരിക്കപ്പെട്ട അധികജല ലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളത്തിന്റെ നിർദ്ദേശം തമിഴ്നാട് അംഗീകരിക്കാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ